INDIAN SOCIETY OF AUTHORS insa

ജനുവരി 2018
പുസ്തകം-5 ലക്കം-1

# നവനീതം

## സാംസ്കാരിക മാസിക



**നവനീതം അഞ്ചാം വയസിലേക്ക്**

കഥ

# പട്ടിപിടുത്തക്കാരൻ

ശിവദാസൻ.എ.കെ

അയാൾ എല്ലാ പട്ടിപിടുത്തക്കാരേയും പോലെയായിരുന്നു.

മുഷിഞ്ഞ വേഷം, വെട്ടിയൊതുക്കാത്ത മുടി, ചാരായ ഗന്ധം.

ഇങ്ങനെയല്ലാത്തവരുണ്ടെങ്കിൽ സങ്കടകരമെന്നു പറയട്ടെ അവരെ രമണൻ ഇതു വരെ കണ്ടിട്ടില്ല.

പക്ഷേ സൂക്ഷിച്ചു നോക്കിയാൽ മറ്റെന്തോ കൂടി തോന്നും.

കോലൻ ചെവിയും, ചുമന്ന കണ്ണുമൊക്കെയായി ഒരു പട്ടിയുടെ ചായ.

ടീച്ചറുറുടെ ഒൻപതാം വാർഡ്. തൊട്ടിങ്ങേപ്പുറത്ത് ഗോപാലകൃഷ്ണന്റെ പതിനൊന്നാം വാർഡ്. രണ്ടും എതിർപാർട്ടിക്കാർ. എന്നാൽ ആ വാർഡിലൊന്നും ഇത്ര പട്ടിശല്യമില്ല. വന്നുവന്ന് പട്ടികളെയും രാഷ്ട്രീയമായി സ്വാധീനിക്കാനാവുമെന്ന് വരുമോ.

രമണന് ഓർത്താൽ തല പെരുത്ത് കയറും. ഗതി കെട്ടവൻ തല മൊട്ടയടിച്ചപ്പോൾ കല്ലുമഴ പെയ്തു എന്ന് പറഞ്ഞ പോലെയായി ഇത്.

പഞ്ചായത്ത് മെമ്പർ എന്ന് നിലയിൽ രമണനിതിനൊരു പരിഹാരമുണ്ടാക്കണമെന്ന് പലരും പറഞ്ഞ് തുടങ്ങിയിട്ട് പല നാളായി. എന്താണൊരു മാർഗ്ഗമെന്ന് രമണന് ഒരു തിട്ടവുമില്ല. പട്ടിയെ കൊല്ലരുത് എന്ന് കോടതി വിധിയുണ്ട്. അതിനാൽ പഞ്ചായത്ത് ഫണ്ട് കിട്ടുമെന്ന് പ്രതീക്ഷ വേണ്ട.

ന്നതു പോലെ മുരണ്ടിട്ട് എങ്ങോട്ടൊ ഓടിപ്പോയി.

സത്യത്തിൽ ആ നോട്ടം പഞ്ചായത്ത് തെരഞ്ഞടുപ്പിലെ തന്റെ എതിർകക്ഷിയായ തങ്കപ്പൻ നോക്കുമ്പോലെ ഒരു പുച്ഛഭാവത്തിലായിരുന്നു എന്നാണ് രമണൻ കൂട്ടുകാരോട് രഹസ്യമായി പറഞ്ഞത്. പക്ഷേ പട്ടി എന്താണ് പിറുപിറുത്തത് എന്ന് മാത്രം ആരോടും പറഞ്ഞില്ല.

കാരണം സംശയമൊന്നും വേണ്ട അതൊരു മുട്ടൻ തെറിയായിരുന്നു എന്നവൻ ഉറച്ചു വിശ്വസിച്ചിരുന്നു.

പട്ടികൾ അതു മാത്രമല്ല വേറേം കൊള്ളരുതായ്കകൾ കാണിക്കുന്നുണ്ടെന്ന് രമണനോട് പറഞ്ഞത് സുമതിയാണ്.

നാട്ടിലെ ശൃംഗാരത്തിന്റെ മൊത്തവ്യാപാരം തലയിലേറ്റിയവ

തോന്നലാണ്. പക്ഷേ ഈയിടെയായിപല തോന്നലുകളുംകൂടെ പ്രശ്നമാണ്.

എന്തൊക്കെയാണ് സംഭവിച്ചത്. രമണൻ ഓർത്തു നോക്കി.

ഇല്ലാത്ത കാശ് കടം വാങ്ങിയാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. ദീർഘകാലത്തെ ഒരു മോഹമായിരുന്നു അത്. കഷ്ടി മുഷ്ടി ജയിച്ച് ഒരു മെമ്പറുടെ മോടിയിൽ ഒന്ന് നടക്കാൻ തുടങ്ങിയതേ ഉള്ളൂ. അപ്പോഴാണീ നാശം പിടിച്ച പട്ടികളുടെ ശല്യം തുടങ്ങിയത്.

രമണൻ മത്സരിക്കുന്ന സമയത്ത് ഇത്രയും പട്ടികൾ ആ വാർഡിൽ ഉണ്ടായിരുന്നില്ല എന്നത് ഒരു വാസ്തവമാണ്.

രമണന്റെ വാർഡ് പത്താം വാർഡാണ്. തൊട്ടപ്പുറത്ത് ലതിക

പോരെങ്കിൽ പ്രതിപക്ഷത്താണ് രമണൻ. അതിശയമെന്നു പറയട്ടെ ഭരണപക്ഷവാർഡുകളിലൊന്നിൽ പോലും ഇത്ര പട്ടിശല്യമില്ല.

പട്ടികളുടെ വൈവിധ്യം ഇപ്പോഴാണ് മനസ്സിലാകുന്നത്. എന്തെല്ലാം ആകൃതിയും നിറവുമാണവക്ക്. മാത്രമല്ല അവയുടെ നോട്ടം പോലും ശരിയല്ല. പട്ടികൾക്ക് ആളുകളെ ഭീഷണിപ്പെടുത്താനും ശകാരിക്കാനും വരെ അറിയാമെന്നാണ് ചിലർ പറയുന്നത്.

അത് ശരിയാണ് എന്ന് രമണനും തോന്നിയിട്ടുണ്ട്.

കുറച്ച് നാൾ മുമ്പാണ്. രമണൻ നടന്നു വരികയായിരുന്നു.പെട്ടെന്നാണ് ഇടവഴിയിൽ നിന്നൊരു പട്ടി മുന്നോട്ട് കയറി വന്നത്. അത് തല ചെരിച്ചൊരു നോട്ടം നോക്കി. എന്നിട്ട് എന്തോ ഒന്ന് പിറുപിറുക്കു

ളാണ് എന്നു കരുതി സുമതി പറയുന്നതിനെ അങ്ങിനെയങ്ങ് തള്ളിക്കളയാൻ പറ്റില്ല.

എങ്ങോ പോകാൻ ഒരുങ്ങികെട്ടി ഇറങ്ങിയ സുമതിയെ ഒരു പട്ടി ഇമ വെട്ടാതെ നോക്കിയത്രെ.

“ആണുങ്ങളു പോലും ദേ ഇങ്ങനെ നോക്കില്ല. ഞാനങ്ങട് വല്ലാണ്ടായി.”

ഗജരാജവിരാജിത മന്ദഗതിയായി സുമതി നടന്നു മറഞ്ഞപ്പോൾ രമണൻ അന്തിച്ചു നിന്നുപോയി. ഇങ്ങനെയായാൽ ഇനിയെന്ത്.

പട്ടികൾക്ക് ഉറക്കമില്ലെന്ന് തോന്നി. രാവെന്നോ, പകലെന്നോ ഇല്ലാതെ അവ അലഞ്ഞു നടക്കുകയാണ്. പകൽ വെളിച്ചത്തിൽ മറ്റൊരു ആൾക്കൂട്ടമായി. രാത്രിയിൽ

ആളും ആരവവുമൊഴിഞ്ഞ് പിറന്ന പടിയായി കിടക്കുന്ന നാട്ടിടവഴികളിലൂടെ. എല്ലാം പട്ടികളാണ്. അവയുടെ കുരകളും, കാലൻ വിളികളും, ശകാരങ്ങളുമാണ്. അതെ ശരിക്കുമൊരു പട്ടിസാമ്രാജ്യം തന്നെ.

കാര്യങ്ങൾ വഷളായത് പെട്ടെന്നാണ്.

ഒരു വെള്ളിയാഴ്ചയായിരുന്നു.

അന്നു രാവിലെ മുതൽക്കാണ് പട്ടികൾ ശരിക്കുമുള്ള കലാപമാരംഭിച്ചത്.

രാവിലെ നടക്കാനിറങ്ങിയ തങ്കപ്പൻനായർക്ക് നേരെയായിരുന്നു ആദ്യ ആക്രമണം. നേരം വെളുത്തപ്പോൾ ട്യൂഷന് പോകുകയായിരുന്ന ഒരു പെൺകുട്ടിയെ പട്ടി കടിച്ചതായി വാർത്ത വന്നു. ഇതിന് സമാന്തരമായി വാർഡിന്റെ തെക്കു ഭാഗത്ത് നിന്ന് ബൈക്കിൽ പോകുകയായിരുന്ന യുവാവിനെ ആക്രമിച്ചതായിരുന്നു വാർത്തയെങ്കിൽ വടക്ക് ഭാഗത്ത് കുഞ്ഞാമിനയുടെ രണ്ടാട്ടിൻകുട്ടികളെ കടിച്ചു കൊന്നതായും, കോഴിവളർത്തുകാരൻ ഡേവിസിന്റെ കോഴിക്കൂട് ഒരു സംഘം പട്ടികൾ ചേർന്ന് ആക്രമിച്ചതായും വിൽപ്പനക്ക് തയ്യാറായ ഇരുനൂറ് കോഴികളെ കടിച്ചു കൊന്നതായും വാർത്തയെത്തി.



"ഇവിടൊരു വാർഡുമെമ്പറുണ്ടോ, ഉണ്ടോന്ന്?"

തോറ്റ കക്ഷി തങ്കപ്പൻ കവലയിൽ കിടന്ന് ഉറഞ്ഞു തുള്ളി.

അത് ശരിയാണ് എന്ന് രമണന്റെ കക്ഷികൾക്കും തോന്നിത്തുടങ്ങിയിട്ടുണ്ട്.

"ആളുകളെ കുറ്റം പറഞ്ഞിട്ട് കാര്യല്ല ചേട്ടാ. രമണന്റെ വലം കൈയ്യ് ഭുവനചന്ദ്രൻ പറഞ്ഞു. എത്രാന്ന് വെച്ചിട്ടാ സഹിക്കാ."

"അതിനിപ്പോ പട്ടീനെ കൊല്ലരുതെന്നല്ലെ കോടതി വിധി. പിന്നെന്ത് ചെയ്യും?"

രമണൻ നിസ്സഹായതയോടെ ചോദിച്ചു.

"എന്തെങ്കിലും ചെയ്തേ പറ്റൂ. എറണാകുളത്തെങ്ങോ ഒരു വാർഡ് മെമ്പറ് കോടതീനെ വെല്ലുവിളിച്ച് പട്ടീനെക്കൊന്നില്ലേ. അതു പോലെ വേറെവിടേയോ ഒരു വനിതാമെമ്പറ്. ഇതൊക്കെ പറഞ്ഞ് ഇവിടുത്തെ മെമ്പറ് വെറും പേടിത്തൊണ്ടനെന്നു പറഞ്ഞാ കളിയാക്കുന്നത്. ആ തങ്കപ്പൻ രണ്ടും കൽപ്പിച്ചിറങ്ങീരിക്യാ."

"നാളെ രാവിലെ പട്ടിയുടെ ഉപദ്രവമേറ്റ എല്ലാരേം കൊണ്ട് മെമ്പറുടെ വീട്ടിലേക്ക് ജാഥ നടത്താനാ തങ്കപ്പന്റേം കൂട്ടരുടേം പ്ലാൻ."

രമണൻ അക്ഷരാർത്ഥത്തിൽ തളർന്നു പോയി. കോടതി വിധിയുടെ കാര്യം പറഞ്ഞ് അങ്ങനെയങ്ങ് ഒഴിയാൻ പറ്റില്ല. വാലും തലയുമില്ലാത്ത ചെലവൻമാര് ഇറങ്ങി കോടതിയെ വെല്ലുവിളിച്ചതും, പട്ടിയെ പിടിച്ചതും നാട്ടുകാര് പത്രത്തിലൂടെയും ടി.വിയിലൂടെയും അറിയുന്നുണ്ട്. ഇതിനുള്ള ധൈര്യമില്ലെങ്കിൽ തനിക്ക് രാജി വെച്ച് പോയ്ക്കൂടെ എന്ന് നാട്ടുകാരുടെ മുന്നിൽ വെച്ച് തങ്കപ്പൻ ചോദിച്ചാൽ.

അവനത് ചോദിക്കുമെന്ന് ഉറപ്പാണ്. അതിനാണവൻ ആളെക്കൂട്ടി നാളെ വരുന്നത്.

രമണന്റെ സിൽബന്ധികളെല്ലാം ഒത്തു ചേർന്നിരുന്നു.

"ഒരാളുണ്ട്. പത്തിരുപത്തഞ്ച് കിലോമീറ്ററ് അപ്പുറാ. പോയി കണ്ടാലോ. അസ്സല് പട്ടിപിടുത്തക്കാരനാണ്."

കുറച്ച് നേരത്തെ ആലോചനക്ക് ശേഷം കുട്ടപ്പൻ പറഞ്ഞു.

"കേസാവ്വോ?" രമണൻ ആരോടെന്നില്ലാതെ ചോദിച്ചു.

ആവുമെന്നോ, ആവില്ലെന്നോ ആരും പറഞ്ഞില്ല.

എന്തായാലും പോകുക തന്നെ.

ഇതിനിടയിൽ കൂട്ടത്തിലെ ഏറ്റവും പ്രായം കൂടിയ കിട്ടുണ്ണ്യേട്ടൻ പണ്ടു കാലത്തൊക്കെ പഞ്ചായത്തിന്റെ പ്രധാന പരിപാടി പട്ടിപിടുത്തമായിരുന്നെന്ന് പറഞ്ഞത് രമണൻ കേട്ടില്ലെന്ന് നടിച്ചു.

ഒരു കാറിലായിരുന്നു യാത്ര.

"നാളെ നാട്ടാരേം കൂട്ടി തങ്കപ്പൻ വരുമ്പം പട്ടീനെ പിടിക്കാൻ ആളെയേൽപ്പിച്ച കാര്യം അങ്ങ്ട് പറയണം. വരണ കേസിനെ നേരിടാന്നും. അപ്പക്കാണാം തങ്കപ്പന്റെ മൊകം മഞ്ഞക്കണത്."

ഭുവനചന്ദ്രൻ പറഞ്ഞു.

"ഇപ്പച്ചെന്നാ ആളവിടെ ഉണ്ടാവ്വോ?"

"ഭാഗ്യം പോലെ."

പട്ടിപിടുത്തക്കാരന്റെ വീട് കണ്ടുപിടിക്കാൻ പ്രതീക്ഷിച്ച ബുദ്ധിമുട്ടൊന്നും ഉണ്ടായില്ല. ആ പ്രദേശത്ത് അയാളെ എല്ലാവർക്കും അറിയാമെന്ന് തോന്നി.

അങ്ങനെയാണ് രമണനും സംഘവും പട്ടിപിടുത്തക്കാരന്റെ അടുക്കലെത്തിയത്.

"പണിയൊക്കെ ഇപ്പൊക്കൊറവാ. കൊല്ലരുതെന്നല്ലേ കോടതിവിധി. പിന്നെ രണ്ടും കൽപ്പിച്ച് വരണോര് വേണം. എന്ന് കരുതി വെറുതേ വന്നുകളയും എന്ന് വിചാരിക്കണ്ട. എനിക്ക് ചില കണ്ടീഷനൊക്കെ ഉണ്ട്."

വീടിനു പുറത്ത് അങ്ങുമിങ്ങും നടന്നു കൊണ്ട് പട്ടിപിടുത്തക്കാരൻ പറഞ്ഞു.

രമണൻ അയാളെ ഇമവെട്ടാതെ നോക്കിനിൽക്കുകയായിരുന്നു.

ഒരാളെ കാണുമ്പോൾ പേര് ചോദിക്കണമെന്ന സാമാന്യ മര്യാദ പോലും അവൻ മറന്നു പോയി. കാരണം അയാൾ ജന്മം കൊണ്ടേ ഒരു പട്ടിപിടുത്തക്കാരനേപ്പോലെയായിരുന്നു. "ഒരെണ്ണത്തിന് ഇരുനൂറു രൂപ തരണം. പട്ട്യോളെ വിശ്വസിക്കാൻ പറ്റില്ല. ഒരു നൂറ് പട്ടീനെ



ങ്കിലും പിടിക്കാൻ പറ്റണം. അതില് ഗ്യാരണ്ടി വേണം. പട്ടിപിടുത്തക്കാരെ തിരിച്ചറിയാൻ അവറ്റോൾക്ക് ഒരു പ്രത്യേക വൈഭവാ. അതോണ്ട്. അയാൾ നടപ്പു നിർത്തി എല്ലാവരെയും ഒന്നു നോക്കി.'

"പിടിക്കാൻ പറ്റ്യാലും ഇല്ലെങ്കിലും ഡെയ്‌ലി ബാറ്റ വേണം."

"ഇരുനൂറു രൂപേം ഓരോ കുപ്പി ബ്രാണ്ടീം."

"ബ്രാണ്ടി ഇന്ന ബ്രാന്റ് വേണമെന്നില്ല. എന്തായാലും മതി."

ഒരു ഡിസ്കൗണ്ട് പോലെ അയാൾ പ്രഖ്യാപിച്ചു.

രമണന് തല കറങ്ങുന്നതായി തോന്നി.

"ഇത്രയും രൂപ എങ്ങിനെ സംഘടിപ്പിക്കാനാണ്."

"നമുക്ക് പിരിവെടുക്കാം." ഭുവനചന്ദ്രൻ പറഞ്ഞു.

"ഏറിയാൽ ഒരു മുപ്പതിനായിരം രൂപ. അതെങ്ങനേലും സംഘടിപ്പിക്കാം. നാളെ ആ തങ്കപ്പന്റെ മോന്തക്ക് ഒരാട്ടുവെച്ചു കൊടുക്കണം."

കുട്ടപ്പന് ആവേശമായി.

"ആട്ടെ എന്നു വരും.

വേണമെങ്കിൽ ഇപ്പോൾത്തന്നെ."

"എനിക്കെടുക്കാൻ ഒരു കുരുക്കും, സിറിഞ്ചും, കുറച്ച് മരുന്നും പിന്നെ രണ്ട് തവണ മാറാനുള്ള തുണീം. ഇത്രേ വേണ്ടു. പട്ടിപിടുത്തക്കാരൻ പറഞ്ഞു."

വീണ്ടും ചർച്ചകൾ തകൃതിയായി നടന്നു.

ഇയാളെ എവിടെ താമസിപ്പിക്കും. പട്ടിപിടുത്തക്കാരെ ആരെങ്കിലും വീട്ടീ താമസിപ്പിക്ക്വോ.

ഒടുവിൽ തീരുമാനമായി.

കവലയിൽ കുപ്പുസ്വാമിയുടെ ഹോട്ടലിനു പിന്നിലെ ഒഴിഞ്ഞു കിടക്കുന്ന മുറിയിൽ താമസിപ്പിക്കാം.

അങ്ങനെയാണ് പട്ടിപിടുത്തക്കാരൻ ആ ഗ്രാമത്തിലെത്തിയത്.

സ്ഥലത്തെത്തിയ ഉടനെ പട്ടിപിടുത്തക്കാരൻ പറഞ്ഞു.

"ഇതിന്റെ പേരില് എന്തു കേസുണ്ടായാലും ഞാനേറ്റോളാം. വെറുതേ നിങ്ങള് തൂങ്ങണ്ട."

സത്യത്തിൽ രമണനപ്പോഴായിരുന്നു ശ്വാസം നേരെ വീണത്.

ഇനി കാശല്ലേ. അത് കടം വാങ്ങിച്ചാലും വേണ്ടില്ല.

പട്ടിപിടുത്തക്കാരൻ ഗ്രാമത്തിൽ കാലു കുത്തിയ ഉടനെ അസാധാരണമായത് ചിലത് സംഭവിച്ചു.

തലങ്ങും വിലങ്ങും വിലസി നടന്ന തെരുവു പട്ടികൾ പൊടുന്നനെയാണ് അപ്രത്യക്ഷമായത്. അവയിൽ പലതും തൊട്ടടുത്ത ഗ്രാമങ്ങളിലേക്ക് മാറുകയായിരുന്നു.

''അപ്പുറത്തെ വാർഡീന്നോ, ഇപ്പുറത്തെ വാർഡീന്നോ ഒറ്റ പട്ടീനെപ്പോലും പിടിക്കരുത്. ഇത് കൈയ്യീന്ന് കാശെടുത്തിട്ടുള്ള പരിപാട്യാ. രമണൻ പട്ടിപിടുത്തക്കാരന് മുന്നറിയിപ്പ് നൽകി."

പക്ഷേ പിറ്റേ ദിവസം മുതൽ മറ്റൊരു പ്രശ്നം ഉടലെടുക്കുകയായിരുന്നു. അന്ന് പട്ടിപിടുത്തക്കാരൻ കൊന്നത് പത്തു പട്ടികളെയായിരുന്നു. പക്ഷേ അവയൊന്നും തെരുവു പട്ടികളായിരുന്നില്ല. വളർത്തുപട്ടികളായിരുന്നു.

മൈമുന കരഞ്ഞുകൊണ്ടാണ് രമണനെ കാണാൻ വന്നത്.

"ദെന്താണ് മെമ്പറെ വെള്ളരിക്കാപ്പട്ടണോ. രൂപ പതിനായിരത്തിന്റെ പട്ടീനല്ലേ ഓൻ കൊന്നത്. പെണ്ണുങ്ങള് മാത്രോള്ള വീടാണ്. എന്തെങ്കിലും ഉണ്ടായാ നീങ്ങള് സമാധാനം പറയേണ്ട വരും."

''ഇയാളിതെന്തു പണിയാ കാണിച്ചേ?"

രമണൻ ചോദിച്ചു.

"എന്തേ?"

"ആളോള് വളർത്തുന്ന പട്ടീനെ കൊല്ലാൻ തന്നോട് ആരാ പറഞ്ഞെ.'

"വളർത്തുപട്ടിക്ക് ലൈസൻസ് വേണ്ടെ മെമ്പറൊന്നന്വേഷിക്ക്."

രമണനുത്തരം മുട്ടി. ഇവിടെ ലൈസൻസെടുത്ത് പട്ടിവളർത്തുന്നവരെത്ര പേരുണ്ട്. ലൈസൻസില്ലെങ്കിൽ വളർത്തുപട്ടിയും തെരുവുപട്ടിയും തമ്മിൽ എന്ത് വ്യത്യാസമാണ്.

രമണന് പട്ടിപിടുത്തക്കാരനോട് അല്പം മതിപ്പു തോന്നാതിരുന്നില്ല. പണി ഇതാണെങ്കിലും നിയമങ്ങളറിയുന്നവനാണ്.

ദിവസങ്ങൾ കടന്നു പോയിക്കൊണ്ടിരുന്നു. നാട്ടുകാരുടെ എതിർപ്പ് മൂലം വളർത്തുപട്ടികളെ പിടിക്കുന്നത് നിർത്തിയിരുന്നു. തെരുവു പട്ടികളാകട്ടെ രാജ്യം വിട്ടതുപോലെയാണ്. എന്തിന് വഴികളിലൂടെ ഒരു പട്ടിയെപ്പോലും കണികാണാൻ കിട്ടില്ല എന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ മാറി.

ഡെയ്ലി ബത്തക്ക് മാത്രം ഒരു കുറവുമുണ്ടായിരുന്നില്ല.

ഇതെത്ര നാളത്തേക്ക് വെച്ചാണ്. കുട്ടപ്പൻ ചോദിച്ചു.

ആളുകൾക്കിടയിൽ ഇപ്പോൾ പട്ടിപിടുത്തക്കാരന് വല്യ ഡിമാന്റാണ്. അയാള് വന്നില്ലായിരുന്നെങ്കിൽ എന്തായേനെ എന്നാണ് നാട്ടുകാർ ചോദിക്കുന്നത്.

ഇല്ലാത്ത കാശുണ്ടാക്കി അയാളെ പാർപ്പിക്കുന്ന തന്നോടില്ലാത്ത ഇഷ്ടം ആളുകൾക്ക് പട്ടിപിടുത്തക്കാരനോടാണ്. രമണൻ ഉള്ളിൽ പരിഭവിച്ചു. നന്ദിയില്ലാത്ത വക.

ഇതിനിടയിലാണ് മറ്റൊരു വർത്തമാനം പൊട്ടിപ്പുറപ്പെട്ടത്. സുമതിയും പട്ടിപിടുത്തക്കാരനും തമ്മിലുള്ള അടുപ്പമായിരുന്നു അത്.



**രമണന് പട്ടിപിടുത്തക്കാരനോട് അല്പം മതിപ്പു തോന്നാതിരുന്നില്ല. പണി ഇതാണെങ്കിലും നിയമങ്ങളറിയുന്നവനാണ്.**

"നൊണയാവാനാ വഴി." ഭുവനചന്ദ്രൻ നിരാശയോടെ പറഞ്ഞു.

ഏത് പട്ടിപിടുത്തക്കാരനും കെടന്നുകൊടുക്കാൻ പോണവളുമാരെയാ പറയേണ്ടത്. മറ്റാരോ രോക്ഷത്തോടെ പറഞ്ഞു.

"അയാളെ പറഞ്ഞ് വിട്ടാലൊ."

അയാള് പറഞ്ഞ പട്ടികളെ കൊടക്കാൻ നമുക്ക് പറ്റില്ലല്ലോ.

എന്ന് കരുതി എത്രകാലം അയാളെ ഇവിടിങ്ങനെ നിർത്തും.

അയാൾക്കെന്തോ സിദ്ധികളുണ്ടെന്നാ തോന്നണത്. ദിനം പ്രതി അയാളുടെ ജനപ്രീതി വർദ്ധിച്ച് വര്വാണ്. നമ്മള് രാഷ്ട്രീയക്കാര് ഇതൊക്കെ ശ്രദ്ധിക്കണം.

രമണൻ ആലോചിച്ചു നോക്കി. ശരിയാണ്. ഇപ്പോൾത്തന്നെ ബത്ത ഇനത്തിൽ തുക ഒത്തിരിയായി. പക്ഷേ അതിന്റെ നന്ദിയൊന്നും നാട്ടുകാർക്കുണ്ടെന്ന് പറയാൻ വയ്യ. പിന്നെ സുമതി. ശരിയാണെങ്കിൽ അതും അത്ര സന്തോഷകരമല്ല.

"എന്തെങ്കിലും നഷ്ടപരിഹാരം കൊടുക്കാം. നിങ്ങളാരെങ്കിലും ഒന്ന് ചോദിക്ക്.""ശരിയാ പെണക്കി വിടണത് നല്ലതല്ല. ഒരു പത്തുപതിനഞ്ചെണ്ണത്തിനെ കൊന്നതല്ലേ.

കേസുണ്ടായാ അവനേറ്റോളാം എന്നല്ലേ പറഞ്ഞത്.”

ഭുവനചന്ദ്രനാണ് പോയത്.

മടങ്ങിവന്നപ്പോൾ അവന്റെ മുഖത്ത് സന്തോഷം.

“അയ്യായിരം രൂപക്ക് ഏറ്റു. കാശ് കിട്ടിയാ ആള് നാളെ സ്ഥലം വിടും.”

രമണന് സമാധാനമായി. ഇനി അത്ര കാശുകൂടി ഉണ്ടാക്ക്യാ മതിയല്ലോ.

പക്ഷേ രമണന്റെ മനസ്സിൽ ഉത്തരം കിട്ടാതെ കിടക്കുന്ന ചില ചോദ്യങ്ങളുണ്ട്. അത് പട്ടി പിടുത്തക്കാരനോട് ഒന്നു ചോദിക്കണമെന്ന് അവൻ ആദ്യം മുതൽക്കേ കണക്കു കൂട്ടിയിരുന്നു. അയാൾ തന്നെപ്പറ്റി എന്തു കരുതും എന്നതു കൊണ്ട് മാത്രമാണ് ഇതു വരെ ചോദിക്കാതിരുന്നത്. പക്ഷേ ഇനിയെന്തായാലും അത് ചോദിച്ചേ പറ്റുകയുള്ളൂ.

രമണൻ തനിയേ ആണ് അയാളെ കാണാൻ പോയത്.

പട്ടിപിടുത്തക്കാരൻ പതിവുബത്തയിലെ ബ്രാണ്ടിക്കുപ്പിയുമായി മുറിയിൽ ഒറ്റക്കിരിക്കുന്നു.

മെമ്പർക്ക് വേണോ?'

അയാൾ കുപ്പി ഉയർത്തികാണിച്ചു.

രമണൻ വേണ്ടെന്ന് തലയാട്ടി.

കുപ്പിയ്ക്കുള്ളിലെ മദ്യം പോലെ അയാളുടെ ചുമന്ന കണ്ണുകളിലാകെ തനിക്കറിയാത്ത ദുരൂഹത തളം കെട്ടുന്നതായി രമണന് തോന്നി.

മടിച്ചുമടിച്ചാണ് ചോദിച്ചത്.

ആദ്യം തനിക്കുണ്ടായ അനുഭവമാണ്. ഇപ്പോഴും മനസ്സിൽ മായാതെ കിടക്കുന്ന ആ പുച്ഛത്തോടെയുള്ള നോട്ടവും പിറുപിറുക്കലും. രണ്ടാമത് സുമതിക്കുണ്ടായ അനുഭവം. സുമതിയുടെ പേര് മനപൂർവ്വം ഒഴിവാക്കി.

അയാൾ ചിരിച്ചുതള്ളുമോയെന്ന് രമണൻ ഭയന്നു. പക്ഷേ പട്ടിപിടുത്തക്കാരന്റെ മുഖത്ത് അസാധാരണമായ ഗൗരവം വന്ന് തളം കെട്ടി.

“അതെല്ലാം ശരിയാണോന്ന് ചോദിച്ചാൽ ശരിയാണ്. അയാൾ ഒരു സൈദ്ധാന്തികനെപ്പോലെ പറഞ്ഞു. പട്ടീന്ന് വെച്ചാ എത്രയോ കാലം മുമ്പേ മനുഷ്യനോടൊപ്പം കൂടീതാ. അങ്ങനെ നോക്ക്യാ മനുഷ്യന്റെ കുറേ സ്വഭാവങ്ങള് കാണിക്ക്യാണ്ടിരിക്കോ.”

അത് ശരിയാണെന്ന് രമണനും തോന്നി. പക്ഷേ തന്നോടെന്തിന് മുറുമുറുക്കണം.

ഇപ്രാവശ്യം അയാൾ പൊട്ടിച്ചിരിച്ചു കൊണ്ടാണ് മുപടി പറഞ്ഞത്.

“അത് എമ്പാടും ഉണ്ട് മെമ്പറെ, നമ്മള് തിരിച്ചറിയിണില്യ എന്ന് മാത്രം. നമുക്ക് വളർത്തുപട്ടി വേണ്ടപ്പെട്ടതാണ്. തെരുവുപട്ടി ചാകേണ്ട ഒന്നും. ഇതൊക്കെ പട്ട്യോൾക്കറിയോ. അവറ്റക്ക് ജനിച്ചാ ജീവിക്കണ്ടെ. അങ്ങനെയല്ലേ കരുതാൻ പറ്റൂ. അതെല്ലാ ജീവ്യോൾക്കും അങ്ങനെ തന്നെ.”

തിരിച്ചു നടക്കുമ്പോൾ രമണന്റെ മനസ്സിൽ പണ്ടെങ്ങോ കേട്ട ഒരു നാടോടിക്കഥയായിരുന്നു. ബ്യൂഗിൾ വിളിച്ച് തന്നെ പിൻതുടർന്ന എലികളെയെല്ലാം കടലിൽ മുക്കികൊന്ന ഒരു യൂറോപ്യൻ നാടോടിയുടെ കഥ.

അതേ പട്ടിപിടുത്തക്കാരന് എന്തൊക്കേയോ സിദ്ധികളുണ്ട്. ഉറപ്പ്.

പിറ്റേന്ന് വൈകീട്ടാണ് പട്ടിപിടുത്തക്കാരൻ ഗ്രാമം വിട്ടുപോയത്. അതിന്റെ പിറ്റേ ദിവസം സുമതിയെ കാണാനില്ല എന്നും വാർത്ത പരന്നു.

‘അയാളുടെ കൂടെ പോയതാകും.'' ഭുവനചന്ദ്രൻ അരിശത്തോടെ പറഞ്ഞു.

രമണൻ സുമതിയുടെ വീടിനടുത്തേക്ക് പോയി. വാതിൽ അടഞ്ഞു കിടക്കുന്നു.

എല്ലാം നഷ്ടങ്ങളാണ്. സുമതി. ധനനഷ്ടം. പക്ഷേ പട്ടിശല്യം തീർന്നുകിട്ടിയല്ലോ. തിരിച്ചുനടക്കവെ അയാൾ ആശ്വസിക്കാൻ ശ്രമിച്ചു.

അപ്പോൾ വെയിൽ മൂത്തുതുടങ്ങിയ ഗ്രാമപാതകളിലേക്ക് കിതച്ചുകൊണ്ട് പട്ടിക്കൂട്ടം അടുത്തുവരുന്നത് അയാൾ അമ്പരപ്പോടെ കണ്ടു.

